12/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1716*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14245**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.നിതിൻ ആർ.,**
**ശ്രുതി, മാമം, കിഴുവില്ലം,**
**ആറ്റിങ്ങൽ, തിരുവനന്തപുരം,**
**പിൻ – 695 104.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
**എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ(പി.റ്റി),**
**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്**
**(കേരളം), തിരുവനന്തപുരം – 33.**

2. **അപ്പീൽ അധികാരി&**
**ജോയിന്റ് ഡയറക്ടർ,**
**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്**
**(കേരളം), തിരുവനന്തപുരം – 33.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.11. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.12.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10.12. 2020 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.നിധിൻ ആർ., 07.12.2020ന് സമർപ്പിച്ച

അപ്പീൽ ഹർജി 10.12.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1716(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഹർജിക്കാരൻ 15.09.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 28.12.2013 മുതൽ 23.01.2019വരെ തുടർച്ചാനുമതി ലഭിക്കാത്ത 40 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളിൽ സേവനം അനുഷ്ഠിച്ച ജീവനക്കാരുടെ ചില വിവരങ്ങളാണ്.

ആയതിന് 14.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, പ്രസ്തുത വിവരങ്ങളൊന്നും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിയമനം നൽകുന്നത് അതത് ഓഫീസുകളിലേയ്ക്കാണെന്നാണ്. അല്ലാതെ പ്രത്യേകം പ്രത്യേകം സീറ്റുകളിലേക്കല്ലെന്നും വിവരാവകാശ നിയമം 2(f) read with 2(j) നിർവചിക്കുന്ന പ്രകാരം പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ മാത്രമേ ലഭ്യമാക്കാൻ നിർവ്വാഹമുള്ളുവെന്നും വിവരങ്ങൾ ക്രോഡീകരിച്ച് നൽകുക, സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല എന്നുമാണ് അറിയിച്ചത്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 11.11.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നുവെന്നും എന്നാൽ പ്രസ്തുത മറുപടിയിന്മേൽ ടിയാൻ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയും അതിനുള്ള മറുപടിയും വിശദമായി പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ടി കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അവ ക്രോഡീകരിച്ച് നൽകുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല എന്ന വിവരമാണ് എസ്.പി.ഐ.ഒ. നൽകിയതെന്നാണ്. വിവരാവകാശ നിയമം 4(1)(b) വ്യവസ്ഥ ചെയ്തിരിക്കുന്നത് ഒരു സ്ഥാപനത്തിന്റെ വിശദാംശങ്ങളും പ്രവർത്തനങ്ങളും ചുമതലകളും ഓഫീസർമാരുടെയും ജീവനക്കാരുടെയും അധികാരങ്ങളും ചുമതലകളും സ്ഥാപനത്തിന്റെ നിയന്ത്രണത്തിലോ കൈവശമോ ഉള്ള വിവരങ്ങൾ (Rules,Regulations, Instructions, Mannual & records) തുടങ്ങിയവയാണ് സ്വമേധയാ പ്രസിദ്ധപ്പെടുത്തേണ്ടതെന്നാണ്.

ഹർജിക്കാരന്റെ അപേക്ഷയിൽ ടി കാര്യാലയത്തിലെ പൊതു വിവരാവകാശ അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടുള്ള വിവരങ്ങളല്ല ആവശ്യപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത വിവരങ്ങൾ ടി കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിയമനം നൽകുന്നത് അതത് ഓഫീസുകളിലേക്കാണെന്നും അല്ലാതെ പ്രത്യേകം പ്രത്യേകം സീറ്റുകളിലേയ്ക്കല്ല എന്നും ടിയാനെ അറിയിച്ചിട്ടുണ്ടെന്നാണ്. ഇക്കാര്യത്തിൽ എസ്.പി.ഐ.ഒ. വിവരാവകാശ നിയമത്തിലെ ചട്ടത്തിനു വിരുദ്ധമായ പ്രവർത്തിച്ചിട്ടില്ലെന്നും ടി സാഹചര്യത്തിൽ ടിയാന്റെ അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് രണ്ടു ദിവസത്തിനകം സമർപ്പിക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 12.12.2022ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ടി വകുപ്പിലെ തുടർച്ചാനുമതി ലഭിക്കാത്ത 40 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളിൽ 28.12.2013 മുതൽ 23.01.2019വരെയുള്ള ദീർഘകാലയളവിൽ സേവനം അനുഷ്ഠിച്ച ജീവനക്കാരുടെ പേര്, സ്ഥാനപ്പേര്, ജോലിചെയ്തിരുന്ന സെക്ഷൻ, ഏതു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് ടി കാലയളവിൽ സേവനം അനുഷ്ഠിച്ചത്, ഏതു ദിവസം മുതൽ ഏതു ദിവസം വരെ അവർ ടി സെക്ഷനിൽ ജോലി ചെയ്തിരുന്നു എന്ന വിവരങ്ങളാണ് തരം തിരിച്ചു വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിൽ വിവിധ കാര്യാലയങ്ങളിൽ തുടർച്ചാനുമതി ആവശ്യമുള്ളവ കൂടാതെ sanctioned ആയിട്ടുള്ള ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളും ഉള്ളതിനാലും അത്തരത്തിൽ സ്ഥിരം, തുടർച്ചാനുമതി ആവശ്യമുള്ളവ എന്നീ രണ്ടു തരം തസ്തികകളിലെ ജീവനക്കാരും ജോലി ചെയ്തുവരുന്ന സാഹചര്യത്തിലും ഒന്നിലധികം ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളുള്ള കാര്യാലയങ്ങളിൽ സ്ഥിരം/തുടർച്ചാനുമതി ആവശ്യമുള്ളവ എന്നിങ്ങനെ തസ്തികകൾ വേർതിരിച്ചറിയാൻ കഴിയാത്തതിനാലും ടി കാര്യാലയങ്ങളിൽ സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം/നിയമനങ്ങൾ നൽകുന്നത് ഇവ വേർതിരിച്ചിട്ടില്ല എന്നതിനാലും പ്രസ്തുത ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ സാധിക്കുകയില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. കൂടാതെ 18.01.2021ന് അപ്പീൽ അധികാരി കമ്മീഷനിൽ അയച്ച മറുപടിയോടൊപ്പം ഹർജക്കാരനും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

6. മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Ge/